മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) കേരള പൊതുപ്രവർത്തക അഴിമതി നിരോധന കമ്മീഷൻ സമർപ്പിച്ച ഒന്നും രണ്ടും വാർഷിക റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ള അഴിമതി നിരോധന നിയമത്തിലെ ഭേദഗതികളും ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്.

(ബി) ഇക്കാര്യത്തിൽ ഗവൺമെൻറ് കഴിയുന്നതും വേഗം തീരുമാനം എടുക്കുന്നതാണ്.

പഞ്ചായത്തുകൾക്കുള്ള ബേസിക് ടാക്സ്

* 175. [194] ശ്രീ. രാഘവൻ പൊഴക്കടവിൽ :
,, കെ.എസ്. നാരായണൻ നമ്പൂതിരി :
,, കെ.കെ. ശ്രീനിവാസൻ :
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
,, ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേസിക് ടാക്സിന്റെ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായ പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി എത്രയും വേഗം പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം) :

(എ) ഉണ്ട്.

(ബി) ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും വേണ്ട വിവരങ്ങൾ ലഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നതുകൊണ്ടാണ് ബേസിക് ടാക്സിന്റെ പഞ്ചായത്തുകൾക്കുള്ള വിഹിതം നൽകാൻ കാലതാമസം വരുന്നത്. കുടിശ്ശിക യായിട്ടുള്ള വിഹിതം നൽകുന്നതിനുള്ള സത്വരനടപടികൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ക്ഷേമപ്രവർത്തനങ്ങൾ

* 176. [195] ശ്രീ. ജോസ് കുറ്റ്യാനി :
,, കെ.കെ. തോമസ് :
,, കെ. മുഹമ്മദാലി :
,, കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഈ വിഭാഗങ്ങളുടെ സാമൂഹ്യനൻമയ്ക്കുവേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിവരുന്നു ;

(ബി) ഇതിനുവേണ്ടി തുക ചെലവഴിക്കുന്നത് ജില്ലാ കളക്ടർമാരിൽ കൂടെയാണോ ;

(സി) ഇതിനുവേണ്ടി ശുപാർശ ചെയ്യുന്ന കമ്മിറ്റിയിൽ അതാത് ജില്ലകളിലെ നിയമസഭാംഗങ്ങളെകൂടി ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) വിദ്യാഭ്യാസപരമായും സാമ്പത്തികമായും സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്കു പുറമേ സാമൂഹ്യ നൻമയെ ലാക്കാക്കി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1. ഭവന നിർമ്മാണത്തിനു സഹായം.
2. കോളനികളിലും സങ്കേതങ്ങളിലും ശുദ്ധജല വിതരണം.
3. പുര കെട്ടിമേയാനും ഓടു മേയാനുമുള്ള ധനസഹായം.
4. വീടുകൾ വൈദ്യുതീകരിക്കുവാനും കക്കൂസ്, കുളിമുറി എന്നിവ നിർമ്മിക്കുവാനും ധനസഹായം.
5. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ വീടിന്റെ അടിത്തറ ഉയർത്തുന്നതിന് ധനസഹായം.
6. കമ്മ്യൂണിറ്റി ഹാളുകൾ, നഴ്സറി സ്കൂളുകൾ തുടങ്ങിയ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുക.
7. അയിത്തോച്ചാടനത്തിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ.
8. കോളനികളിലും സങ്കേതങ്ങളിലും ടെലിവിഷൻ സെറ്റുകൾ വിതരണംചെയ്യൽ.
9. രോഗ ചികിൽസയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം.
10. മിശ്രവിവാഹിതർക്ക് ധനസഹായം.
11. കാർഷിക വൃത്തിയിലേർപ്പെടുന്ന സ്ത്രീകളുടെ കുട്ടികളെ പകൽ സമയത്തും നോക്കുവാൻ വേണ്ടിയുള്ള കേന്ദ്രങ്ങൾ നടത്തുക.
12. പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ വൈദ്യസഹായം എത്തിക്കുക.
13. പട്ടിക വർഗ്ഗ സങ്കേതങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുക.
14. പദ്ധതി പ്രദേശങ്ങളിൽനിന്നും ഒഴിച്ചുമാറ്റപ്പെട്ട പട്ടിക വർഗ്ഗക്കാരെ പുനരധിവസിപ്പിക്കുക.
15. പട്ടിക വർഗ്ഗ സ്ത്രീകൾക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകുകയും ഹോം സയൻസിൽ പരിശീലനം നൽകുകയും ചെയ്യുക.
16. പട്ടിക വർഗ്ഗക്കാരായ പെറുപ്പക്കാർക്ക് എക്സ്റ്റൻഷൻ വർക്കിൽ ട്രെയിനിംഗ് നൽകുക.

(ബി) ഇല്ല.

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന ജില്ലാ ഉപദേശക സമിതിയിൽ, അതാത് ജില്ലയിലെ പട്ടികജാതി-പട്ടിക വർഗ്ഗ എം.എൽ.എ. മാരും, എം.പി.മാരും ഇപ്പോൾതന്നെ അംഗങ്ങളാണ്. എല്ലാ നിയമസഭാംഗങ്ങളെയും ഉൾപ്പെടുത്തുന്നത് പ്രായോഗികമായിരിക്കുകയില്ല.

പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട ടൂനികുതി വിഹിതം

* 177. [196] ശ്രീ. ഇ.ജെ. ലൂക്കോസ് :

,, വി.വി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷാവസാനം വരെ ഏതെല്ലാം ജില്ലകളിൽ പഞ്ചായത്തുകൾക്ക് ടൂനികുതി വിഹിതം കൊടുത്ത് തീർത്തിട്ടുണ്ട് ;

(ബി) മറ്റു ജില്ലകളിൽ ഇതു കൊടുക്കാത്തതിന്റെ കാരണമെന്ത് ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി.എം. സുന്ദരം) :

(എ) ഒരു ജില്ലയിലും പൂർണ്ണമായി കൊടുത്തു തീർത്തിട്ടില്ല.

(ബി) ജില്ലാ കളക്ടർമാരിൽ നിന്നും ടൂനികുതി സംബന്ധമായ വിശദവിവരങ്ങൾ ലഭിക്കാത്തതിനാലാണ് കൊടുക്കാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly